തൃക്കരിപ്പൂർ മണ്ഡലത്തിൽ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ വിദ്യാലയങ്ങൾക്ക് അസംബ്ലിഹാൾ നിർമ്മാണം

294 (7265) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കരിപ്പൂർ മണ്ഡലത്തിൽ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി വിദ്യാലയങ്ങൾക്ക് അസംബ്ലിഹാൾ നിർമ്മിക്കുന്നതിന് ധനകാര്യ വകുപ്പ് മുഖേന പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നൽകിയ കത്തുപ്രകാരം പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ പക്കൽനിന്നും എസ്റ്റിമേറ്റ് തയ്യാറാക്കി ലഭിക്കാൻ കഴിയാതെ വന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) 2013-14 വർഷ പദ്ധതിയിൽ നടപ്പിലാക്കേണ്ട ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് എപ്പോൾ സർക്കാരിലേക്ക് അയയ്ക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എം.എൽ.എ.യിൽ നിന്നും ലഭിച്ച കത്ത് പ്രകാരം 10 സ്കൂളുകൾക്ക് ആകെ 120 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. പ്രസ്തുത സ്കൂളുകൾ തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിൽ കിലോമീറ്ററുകളോളം വ്യത്യാസത്തിൽ വിവിധ സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്നവയാണ്. ആയതിനാൽ പ്രസ്തുത പ്രവൃത്തി ഒറ്റ പ്രവൃത്തിയായി എസ്റ്റിമേറ്റ് എടുക്കുന്നതിനും, ടെണ്ടർ ചെയ്യുന്നതിനും ചില സാങ്കേതിക ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ 25 ലക്ഷം രൂപയിൽ കുറയാതെയുള്ള ചെറുപ്രവൃത്തികളായി കാണിച്ച് പുതുക്കിയ കത്ത് വേണമെന്ന് എം.എൽ.എ.യുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇതിൽ തീരുമാനമാകാൻ കാലതാമസം നേരിട്ടതിനാലാണ് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ചീഫ് എഞ്ചിനീയർക്ക് കഴിയാതെവന്നത്. പ്രസ്തുത വിഷയത്തിൽ പുതിയ നിർദ്ദേശങ്ങൾ ഒന്നുംതന്നെ എം.എൽ.എ.യുടെ ഭാഗത്തുനിന്നും ലഭിക്കാത്ത സാഹചര്യത്തിൽ നേരത്തെ ലഭിച്ച കത്ത് പ്രകാരം പത്ത് സ്കൂളുകൾക്കായി അസംബ്ലിഹാൾ നിർമ്മിക്കുന്നതിനുള്ള 120 ലക്ഷം രൂപയുടെ ഒറ്റ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 20 ദിവസത്തിനകം സർക്കാരിലേക്ക് ലഭ്യമാക്കുന്നതാണെന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

തൃക്കരിപ്പൂർ മണ്ഡലത്തിൽ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ വിദ്യാലയങ്ങൾക്ക് അസംബ്ലി ഹാൾ നിർമ്മാണം

295 (7268) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി കുറ്റ്യാടി താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് സെന്ററിന് കെട്ടിടം നിർമ്മിക്കുവാൻ ആരോഗ്യ വകുപ്പിൽ നിന്നും പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി കുറ്റ്യാടി താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് സെന്ററിന് കെട്ടിടം നിർമ്മിക്കുവാൻ ആരോഗ്യ വകുപ്പിൽ നിന്നും പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് പ്രൊപ്പോസലുകളൊന്നും ലഭിച്ചിട്ടില്ല. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണത്തിലാണ് ശ്രീമതി കെ. കെ. ലതിക, എം. എൽ. എ. 100 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) തുക അനുവദിച്ചെങ്കിലും പ്രസ്തുത കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ലഭ്യമാക്കാത്തതിനാൽ തുടർ നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly